**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2701** **14-09-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിൽ പൊതു സ്ഥലംമാറ്റ ചട്ടങ്ങളുടെ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി.വകുപ്പിൽ പൊതു സ്ഥലംമാറ്റ ചട്ടങ്ങൾ വ്യാപകമായി അട്ടിമറിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉത്തരവ് നമ്പർ 03/2017 ഉ.ഭ.പ.വ തീയതി 25/02/2017 പ്രകാരം ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2021, 2022, 2023 വർഷങ്ങളിൽ നടത്തിയിരുന്നോ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക കാരണങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ജി. എസ്. ടി. വകുപ്പിൽ പൊതു സ്ഥലംമാറ്റ ചട്ടങ്ങൾ വ്യാപകമായി അട്ടിമറിക്കപ്പെടുന്നു എന്ന ആക്ഷേപമില്ല.<br><br>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 2021 ൽ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട്. 01/07/2017-ൽ ചരക്കു സേവന നികുതി നിയമം നടപ്പിലായതു മുതൽ വകുപ്പ് പുതിയ നിയമത്തിനനുസരിച്ച് പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ച് വരികയായിരുന്നു. പുനഃസംഘടന ആസന്നമായിരുന്ന സാഹചര്യത്തിൽ 2022 ൽ പൊതുസ്ഥലംമാറ്റം എന്ന രീതിയിൽ നടത്തിയിട്ടില്ല. എന്നാൽ ഭരണ സൗകര്യവും, ജീവനക്കാരുടെ അപേക്ഷകളും പരിഗണിച്ച് ആവശ്യമായ സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ട്. 02/08/2022 ലെ സ.ഉ. (കൈ) നം. 55/2022/നികുതി, 29/12/2022 ലെ സ.ഉ. (കൈ)നം.106/2022/നികുതി എന്നീ ഉത്തരവുകൾ പ്രകാരം വകുപ്പ് പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം വകുപ്പിൽ പുതിയ വിഭാഗങ്ങൾ രൂപീകരിക്കുകയും അപ്ഗ്രഡേഷനിലൂടെ പുതിയതായി ചില തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ചില ജില്ലകളിൽ തസ്തികകളുടെ എണ്ണം കൂടുകയും എന്നാൽ മറ്റു ചില ജില്ലകളിൽ തസ്തികകളുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഓഫീസുകൾ ഇല്ലാതാകുകയും പകരം പുതിയതായി ഓഫീസുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ നിഷ്കർഷിച്ചിരുന്നതനുസരിച്ച്, സമയ ബന്ധിതമായി വകുപ്പിലെ 4400 – ഓളം വരുന്ന ജീവനക്കാരെ 11/01/2023, 12/01/2023 തീയതികളിൽ പുനർവിന്യസിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് ഭരണ |

| | | | |
|---|---|---|---|
| | | | സൗകര്യാർത്ഥം അഡീഷണൽ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ/സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തിക വരെ സ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. പുതുപ്പള്ളി നിയമസഭാ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മറ്റ് തസ്തികകളുടെ സ്ഥലംമാറ്റം നടത്തിയിട്ടില്ല. പെരുമാറ്റചട്ടം പിൻവലിക്കുന്ന മുറക്ക് മറ്റ് തസ്തികകളിലും സ്ഥലംമാറ്റം നടത്തുന്നതാണ്. വകുപ്പ് പുനഃസംഘടിപ്പിച്ച സാഹചര്യത്തിൽ, വകുപ്പിൽ വന്നിട്ടുള്ള സമൂലമായ മാറ്റങ്ങൾ സ്പാർക് പ്ലാറ്റ്ഫോമിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രക്രിയ പൂർത്തീകരിച്ചു വരികയാണ്. തുടർന്ന് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രത്യേക പരിഗണന അർഹിക്കുന്ന ജീവനക്കാർ പോലും കോടതിയെയും കമ്മീഷനുകളേയും സമീപിച്ച് അനുകൂല ഉത്തരവുകൾ നേടിയാൽ പോലും അർഹതപ്പെട്ട സ്ഥലംമാറ്റം നൽകുന്നതിൽ യഥാസമയം നടപടികൾ സ്വീകരിക്കാഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ നികുതി വകുപ്പ് സെക്രട്ടറിയും ജി.എസ്.ടി. കമ്മീഷണറും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയും ദേശീയ പട്ടികജാതി കമ്മീഷന്റെയും കോടതിയലക്ഷ്യ നടപടികൾ നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അർഹതപ്പെട്ട സ്ഥലംമാറ്റം നൽകുന്നതിൽ യഥാസമയം നടപടികൾ സ്വീകരിക്കാത്ത സാഹചര്യം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഉണ്ടായിട്ടില്ല. ഇത്തരം കേസുകളിൽ കോടതിയലക്ഷ്യ നടപടികൾ നേരിട്ടിട്ടുമില്ല. |
| (സി) | ജീവനക്കാരുടെ അർഹതപ്പെട്ട സ്ഥാനക്കയറ്റം അകാരണമായി വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സ്ഥാനക്കയറ്റം വൈകിപ്പിച്ചതുമായി ബന്ധപ്പെട്ട് മുൻ നികുതി വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് കമ്മീഷണർ എന്നിവരെ പ്രതി ചേർത്ത് കേരള ലോകായുക്ത അധികാര ദുർവിനയോഗത്തിന് കേസെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് കാരണക്കാരായ ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തയ്യാറുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രീ. ലിനുരാജ്. ഇ. ജി. എന്ന ഉദ്യോഗസ്ഥന്റെ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ നിന്നും സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാന ക്കയറ്റവുമായി ബന്ധപ്പെട്ട് മുൻ നികുതി വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് കമ്മീഷണർ എന്നിവർ ഉൾപ്പെടെയുള്ളവരെ എതിർകക്ഷികളാക്കി ശ്രീ. ഷഹീദ് ഇർഫാൻ, താനൂർ, മലപ്പുറം എന്നയാൾ ബഹു. കേരള ലോകായുക്ത മുമ്പാകെ 68/2023-C എന്ന നമ്പറിൽ പരാതി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ